പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2130

16/08/2017 ൽ മറുപടിക്ക്

# പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ഉണ്ണി | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണ പ്രവർത്തനത്തിനും മറ്റുമായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | എ) 2016-17 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു.<br><br>വിശദാംശം അനുബന്ധം 1 ആയി നൽകിയിരിക്കുന്നു. |
| ബി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം | ബി) ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ 2017-18 സാമ്പത്തിക |

ലഭ്യമാക്കാമോ?

വർഷത്തെ ബഡ്ജറ്റിൽ 270 കോടിരൂപയുടെ പദ്ധതി വിഹിത സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ വിശദാംശം അനുബന്ധം 2 ആയി നൽകിയിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം-1

**Financial Assistance to PSUs during 2016-17**

| Sl.No | Particulars | Amount in Lakhs |
|---|---|---|
| 1 | Alleppey Co-operative Spining Mills Ltd | 85.00 |
| 2 | Autokast Ltd | 800.00 |
| 3 | Cannannore Co-operative Spg Mills Ltd | 110.00 |
| 4 | Handicrafts Development Corpn Ltd | 164.00 |
| 5 | Keltron Component Complex Ltd | 500.00 |
| 6 | Kerala Automobiles Ltd | 500.00 |
| 7 | Kerala Ceramics Ltd | 164.00 |
| 8 | Kerala Clay & Ceramic Products Ltd | 330.00 |
| 9 | Kerala Electrical &Allied Engineering Company Ltd | 450.00 |
| 10 | Kerala Small Industries Development Corpn Ltd | 550.00 |
| 11 | Kerala State Bamboo Corporation Ltd | 326.00 |
| 12 | Kerala State Drugs & Pharmaceuticals Ltd | 475.00 |
| 13 | Kerala State Textile Corporation Ltd | 2156.62 |
| 14 | Malappuram Co-operative Spg Mills Ltd | 195.00 |
| 15 | Metal Industries Ltd | 150.00 |
| 16 | Quilon Co-operative Spinning Mills Ltd | 175.00 |
| 17 | SAIL- SCL Kerala Ltd | 285.00 |
| 18 | Sitaram Textiles Ltd | 313.46 |
| 19 | Steel and Industrial Forgings Ltd | 450.00 |
| 20 | Steel Industrials Kerala Ltd | 300.00 |
| 21 | TEXFED | 710.00 |
| 22 | Traco Cable Company Ltd | 600.00 |
| 23 | Travancore Cements Ltd | 496.00 |
| 24 | Travancore Titanium Products Ltd | 999.23 |
| 25 | Trichur Co-operative Spinning Mills Ltd | 190.00 |
| 26 | Trivandrum Spinning Mills Ltd | 290.00 |
| 27 | United Electrical Industries Ltd | 500.00 |
| | Total | **12264.31** |

*Say around Rs.123 crores*

അനുബന്ധം - 1

## Status of Plan Fund Support to PSUs during 2017-18 (as on 10/08/2017)

Rs.in Crs

| | |
|---|---|
| **A.Total Budget Allocation** | **270.00** |
| **AS given by WG/SWG/Govt till date** | **131.95** |
| **Amount released till date** | **10.45** |

| B | Amount released from the current year budget allocation based on the AS issued during 2016-17 | |
|---|---|---|
| 1 | Autokast ltd | 3.00 |
| 2 | Kerala State Textile Corporation Ltd | 5.00 |
| 3 | Kerala Electrical & Allied Engineering Company Ltd | 0.65 |
| 4 | Sitaram Textiles | 0.80 |
| 5 | Trivandrum Spinning Mills Ltd | 1.00 |
| | **Sub-total** | **10.45** |

| C | Administartive Sanction Accorded by WG / SWG | |
|---|---|---|
| 1 | Kerala State Drugs and Pharmaceuticals Ltd | 28.15 |
| 2 | Autokast ltd | 10.00 |
| 3 | Traco Cables Ltd | 10.00 |
| 4 | Kerala State Electronics Development Corporation Ltd | 10.00 |
| 5 | Steel and Industrial Forging Ltd( AS not required) | 4.80 |
| 6 | Travancore Titanium Products Ltd | 26.00 |
| 7 | Kerala Electrical & Allied Engineering Company Ltd | 18.00 |
| 8 | The Kerala Ceramics Ltd (including working capital support ) | 15 |
| 9 | TELK | 10.00 |
| | **Sub-total** | **131.95** |

## അനുബന്ധം 2

**പൊതുമേഖലയിൽ നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.**

- **കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്**- നിലവിലുള്ള പ്ലാൻറിൻെറ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി Oxygen Plant capacity enhancement, distributed control system, energy efficient tickle pre heaters, fire hydrant system മുതലായ 64 കോടി രൂപയുടെ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. 6.15 കോടി രൂപയുടെ conversion of LPG system into LNG system പദ്ധതി പുരോഗമിക്കുന്നു.

**1. പിഗ്മൻറ് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ**

കമ്പനിയുടെ നിലവിലുള്ള പിഗ്മൻറ് ഉൽപ്പാദനശേഷി പ്രതിവർഷം 40,000 ടണ്ണിൽ നിന്നും പ്രതിവർഷം 60,000 ടൺ എന്ന നിലയിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി. ഇതിനായി 450 കോടി രൂപ മുതൽ മുടക്ക് വേണ്ടിവരും. രണ്ടു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തികരിക്കുന്നതാണ്.

**2. ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കൽ**

വർദ്ധിച്ചു വരുന്ന ആഭ്യന്തര ഉപയോഗം, കയറ്റുമതി സാധ്യതകൾ എന്നിവ കണക്കിലെടുത്തും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചും ടൈറ്റാനിയം ലോഹം, ലോഹ സങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ, ധാതു മണലിൽ നിന്നും ലഭ്യമാകുന്ന മറ്റ് ഘടകങ്ങൾ ഉപയോഗിച്ചുള്ള സംയുക്തങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഒരു ടൈറ്റാനിയം കോംപ്ലെക്സ്. സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തുവരുന്നു. 4 വർഷത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കാവുന്ന ഈ പദ്ധതി ലോകവ്യാപകമായി ടൈറ്റാനിയം വ്യവസായ മേഖലയിൽ കേരളത്തിന് പ്രമുഖ സ്ഥാനം നേടി തരുന്നതാണ്.

- **മലബാർ സിമൻറ്സ് ലിമിറ്റഡ്** - Cochin Port Trust-ൽ നിന്നും പാട്ടത്തിനെടുത്ത 7 ഏക്കർ സ്ഥലത്ത് സിമൻറും, സിമൻറുൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, നിർമ്മാണ മേഖലയ്ക്കാവശ്യമായ സാമഗ്രികൾ മുതലായവ കൈകാര്യം ചെയ്യുന്നതിനായുള്ള 160 കോടിരൂപയുടെ Cement and allied materials handling പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. വാളയാർ

യൂണിറ്റിൽ നിലവിലുള്ള ശേഷി ഇരട്ടിപ്പിക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തുവരുന്നു.

- **ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റട്**– നിലവിലുള്ള പ്ലാൻറിൻെറ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി കോപ്പറസ് റിക്കവറി പ്ലാൻറ് നടപ്പിൽ വരുത്തുന്നതിന് 16 കോടി രൂപ 2017–18ൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ ടൈറ്റാനിയം ഡയോക്സൈഡ് പ്ലാൻറിൻെറ കാലപ്പഴക്കം ചെന്ന വളരെ നിർണ്ണായകമായ മെഷിനറികൾ മാറ്റിവെയ്ക്കുന്നതിനും Sulphuric acid plant ൻെറ നവീകരണത്തിനും 10 കോടി രൂപ 2017-18ൽ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള പദ്ധതികൾ സർക്കാർ പരിശോധിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

- **ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് :** വർദ്ധിച്ചുവരുന്ന കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ ആവശ്യം പരിഗണിച്ച് നിലവിലുള്ള ഉൽപാദനശേഷി പ്രതിദിനം 125 ടണ്ണിൽ നിന്ന് 350 ടൺ ആക്കി വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. രണ്ട് വർഷം കൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ വികസന പദ്ധതിക്ക് മതിപ്പ് മുതൽ മുടക്ക് 400 കോടി രൂപ വരുന്നതാണ്. 2017-18ൽ HCL Synthesis unit ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ 5 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

- **ട്രാക്കോ കേബിൾ കമ്പനി:** കമ്പനിയുടെ തിരുവല്ലയിലേയും, ഇരിമ്പനത്തേയും യൂണിറ്റുകളുടെ ഉത്പാദന ശേഷി വർദ്ധിപ്പിച്ചു ഓർഡറുകൾ കൃത്യതയോടെ സമയബന്ധിതമായി ചെയ്യുന്നതിനുവേണ്ട അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും യൂണിറ്റിൻെറ ഉൽപാദനശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള 10 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

- **കേരളാ ഇലക്ട്രിക്കൽസ് ആൻറ് അലൈഡ് എൻജിനിയറിംഗ് കമ്പനി:** 2017-18ൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമർ പ്ലാൻറിൻെറ നവീകരണത്തിനും, കുണ്ടറയിലെയും, ഒലവക്കോടിലെയും യൂണിറ്റുകളുടെ നവീകരണത്തിനുമുള്ള 18 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

- **ട്രാൻസ്ഫോർമേർസ് ആൻറ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്** (ടെൽക്ക്):__ആധുനികവൽക്കരണത്തിൻെറ ഭാഗമായി വേപ്പർ ഡ്രയിങ് പ്ലാൻറ് (12.50 കോടിരൂപ) 3-ഫേസ് ഹൈ ഫ്രീക്വൻസി ജനറേറ്റർ (6.50 കോടിരൂപ), 270 ടൺ ക്രൈൻ (6 കോടിരൂപ) മുതലായ പദ്ധതികൾക്കായി സർക്കാർ 2017-18ൽ 10 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി

നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കാവശ്യമായ തുക NTPC-യിൽ നിന്നും ആനുപാതികമായി ലഭ്യമാക്കേണ്ടതുണ്ട്.

- **കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ:** കേരളത്തിലാവശ്യമായ നോൺ ബീറ്റാലാക്ടം മരുന്നുകൾ, ഇൻഞ്ചക്ടബിൾസ്, ഹോസ്പിറ്റൽ ഡിഡ്പോസിബിൾസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 2017-18-ൽ ബഡ്ജറ്റിൽ വകയിരുത്തിയ 18.15 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 10 കോടിരൂപയുടെ അധിക ധനസഹായം അനുവദിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

- **കെൽട്രോണിനെ** നമ്മുടെ രാജ്യത്തെ പ്രമുഖ ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉത്പാദന കേന്ദ്രമാക്കി മാറ്റുക എന്നതാണ് വികസനപദ്ധതി ലക്ഷ്യമിടുന്നത്. സോളാർ ഫോട്ടോ വോൾട്ടായിക് പവർ പ്ലാൻറുകൾ, സ്മാർട്ട് എനർജി മീറ്ററുകൾ, ഡിഫൻസ് എക്യുപ്മെൻറ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ പദ്ധതികളാണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുക. കമ്പനിയുടെ വിവിധ യൂണിറ്റുകളിൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്തുക. ഏകദേശം 100 കോടി രൂപ മുതൽ മുടക്കിൽ 2 വർഷത്തിനകം പൂർണ്ണമായ തോതിൽ ഉത്പാദനക്ഷമമാകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 2017-18-ൽ ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂരുള്ള കെൽട്രോൺ കമ്പോണൻറ് കോപ്ലക്സിൻെറ നവീകരണത്തിനുള്ള 10 കോടി രൂപയുടെ പദ്ധതി 2017-18ൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

- ആലപ്പുഴയിലെ **ഓട്ടോകാസ്റ്റിൽ** സ്റ്റീൽ കാസ്റ്റിംഗ് പദ്ധതിയും സാൻഡ് റിക്ലമേഷൻ പദ്ധതിയും പൂർത്തികരിച്ചുവരുന്നു. നിലവിലുള്ള പ്ലാൻറിൻെറ നവീകരണത്തിനും, റയിൽവേ ബോഗീ ഫ്രയിം നിർമ്മാണത്തിനായും 2017-18ൽ 10 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

- **കേരള സിറാമിക്സ് ലിമിറ്റഡിൽ** കമ്പനിയുടെ നവീകരണത്തിനും പുതിയ ഖനന ഭൂമി വാങ്ങുന്നതിനായും 2017-18ൽ അനുവദിച്ച 15 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

- **യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ** ആധുനികവത്ക്കരണത്തിൻെറ ഭാഗമായി കെ.എസ്.ഇ.ബിയ്ക്കും, ഇതര സംസ്ഥാനങ്ങൾക്കും ഉതകുന്ന

പുതുതലമുറ മീറ്ററുകളുടെ നിർമ്മാണവും, എൽ.ഇ.ഡി ലൈറ്റുകളുടെ നിർമ്മാണവും പരിഗണനയിലാണ്. ഇതിനായി 4 കോടിരൂപ 2017-18ൽ അനുവദിച്ചിട്ടുണ്ട്.

- **ട്രാവൻകൂർ സിമൻസ് ലിമിറ്റഡ്:** പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങളാൽ വെള്ള സിമൻറ് ഉൽപ്പാദനം നിലച്ചിരിക്കുന്നതിനാൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുപയോഗിച്ച് പ്രതിവർഷം 10 ലക്ഷം ടൺ ഗ്രേ സിമൻറ് ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തുവരുന്നു. ഈ പദ്ധതിയ്ക്കായി 10 കോടിരൂപ 2017-18ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

- **കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്** ഐ.എസ്.ആർ.ഒയിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി മെഷീൻ ഷോപ്പ് സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തുവരുന്നു. 7 കോടിരൂപ 2017-18ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

- **സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സിൽ** ഹീറ്റ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള 12.50 കോടിരൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 4.50 കോടിരൂപ 2017-18ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

- **ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ** നൂതനമായ ഫർണിച്ചർ ഉൽപ്പന്നങ്ങളുടെ വികസനത്തിനായുള്ള ഒരു പദ്ധതി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. 2 കോടിരൂപ 2017-18ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.